(സി) ഇതു സംബന്ധിച്ച് വാട്ടർ അതോറിറ്റി ഇപ്പോൾ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള സമയബന്ധിത പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) എം.ആർ.ഹിൽ പ്രദേശത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് 21 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി എം.ആർ.ഹില്ലിനു താഴെ ഗേൾസ് ഹൈസ്ക്കൂൾ പരിസരത്ത് ഒരു ബമ്പും പമ്പുഹൗസും നിർമ്മിക്കുന്നതിലേക്ക് 5 സെന്റ് സ്ഥലം വിട്ടുകിട്ടുവാൻ ഡി.പി.ഐ.യെ സമീപിച്ചിട്ടുണ്ട്. കൂടാതെ കുന്നിനു മുകളിൽ ടാങ്കു നിർമ്മിക്കുന്നതിന് 2 സെന്റ് സ്ഥലം ലഭ്യമാക്കണമെന്ന് റസിഡൻസ് അസോസിയേഷൻ ഭാരവാഹികളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ ശുദ്ധജലക്ഷാമം

48 (1715) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിലെ രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കാൻ വാട്ടർ അതോറിറ്റി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(സി) ഇവ എന്നത്തേയ്ക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇതിനായി താഴെപ്പറയുന്ന രണ്ടു പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

1. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന വരിങ്ങലോറമല ഐ. എച്ച്. സി. പി. കോളനി ശുദ്ധജലവിതരണ പദ്ധതി.
2. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി-പുനരുദ്ധാരണ പ്രവർത്തികൾ. ഇതിൽ ഉൾപ്പെടുത്തി പൂന്തർപുഴയിൽ നിലവിലുള്ള കിണർ അഭിവൃദ്ധിപ്പെടുത്തി, അതിൽ നിന്നും പമ്പ് ചെയ്ത് ചെറുമല ടാങ്കിൽ എത്തിച്ച് കിഴക്കോത്ത് പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പ്രവർത്തി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വരിങ്ങലോറമല ഐ.എച്ച്.ഡി.പി.കോളനി ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തികളെല്ലാം പൂർത്തിയായി. വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ കമ്മീഷൻ ചെയ്യാവുന്നതാണ്. പുന്തർ പുഴയിൽ നിലവിലുള്ള കിണറിന്റെ അഭിവൃദ്ധിപ്പെടുത്തൽ ജോലികളും പമ്പ് ഹൗസ് നിർമ്മാണവും നടന്നുവരുന്നു. പമ്പിംഗ് മെയിനിന് ആവശ്യമായ പൈപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

(സി) പണികൾ പൂർത്തിയാക്കി 3/2001-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൂടൽക്കടവ് ശുദ്ധജലവിതരണ പദ്ധതി

49 (1716) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിൽപ്പെട്ട കൂടൽക്കടവ് ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസം എന്താണ് ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണം എപ്പോൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി ആരംഭിച്ചത് എന്നാണ് ; സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തവിഞ്ഞാൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ ശുദ്ധീകരണശാലയും ജലസംഭരണിയും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്നും ലഭിക്കാൻ വൈകിയതും ആവശ്യമായ പൈപ്പ് ലഭിക്കാതിരുന്നതുമാണ് കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

(ബി) 8/2000 ത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 1989-ലാണ് ഈ പദ്ധതിയുടെ പ്രവർത്തി ആരംഭിച്ചത്. സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രവർത്തനക്ഷമമായി ശുദ്ധജലവിതരണം നടത്തി വരുന്നു. ഔപചാരികമായ ഉദ്ഘാടനം നടത്തിയിട്ടില്ല.

തരൂർ II വില്ലേജിലെ ശുദ്ധജലവിതരണം

50 (1717) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly